ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/8312/2024-EG3 (EG)** തീയതി:**07-05-2025**

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം- കോവിഡ് -19 -ൻറെപശ്ചാത്തലത്തിൽ വകുപ്പുതല പരീക്ഷകൾ യഥാസമയം നടക്കാത്തത്-ടെസ്റ്റ് യോഗ്യത നേടാനാകാത്ത സീനിയർ ജീവനക്കാർക്ക് കെ.എസ്.& എസ്.എസ്.ആർ. ചട്ടങ്ങളിൽ ഇളവനുവദിച്ചു സ്ഥാനക്കയറ്റം നൽകുന്നത്- **seniority list** പുതുക്കി അർഹമായ സീനിയോറിറ്റി പുനസ്ഥാപിക്കുന്നതിന് വിവര ശേഖരണം നടത്തുന്നത് സംബന്ധിച്ചു-

സൂചന :- 1. **11.05.2021** ലെ **EG3/10154/21**/ഡി.ടി.ഇ നമ്പർ സീനിയോറിറ്റി ലിസ്റ്റ്.
**2.15.04.2022** ലെ **EG3/3059/22**/ഡി.ടി.ഇ നമ്പർ സീനിയോറിറ്റി ലിസ്റ്റ്.

**2023** ഒക്ടോബർ **21** ലെ സ.ഉ.(കൈ)നം.**20/2023**/ഉ.ഭ.പ.വ.നമ്പർ ഉത്തരവ് പ്രകാരം, കോവിഡ് **2019** പശ്ചാത്തലത്തിൽ വകുപ്പുതല പരീക്ഷ നടക്കാത്ത സാഹചര്യം പരിഗണിച്ചു, <u>**2020, 2021** വർഷങ്ങളിലെ ജനുവരി മാസത്തിൽ വകുപ്പുതല പരീക്ഷക്കായി അപേക്ഷിക്കുകയും,</u> എന്നാൽ പരീക്ഷ നടക്കാത്തതിനാൽ, യഥാ സമയം യോഗ്യത നേടാൻ കഴിയാതെ വരികയും<u>, തൊട്ടടുത്ത വകുപ്പ് തല പരീക്ഷ വിജയിക്കുകയും</u>, മറ്റ് തരത്തിൽ യോഗ്യരായിട്ടുള്ള സീനിയർ ജീവനക്കാരുടെ കാര്യത്തിൽ, ജൂനിയർ സീനിയറിനെ മറി കടന്ന് സ്ഥാനക്കയറ്റം നേടിയിട്ടുണ്ടെങ്കിൽ, ജൂനിയറിന് സ്ഥാനക്കയറ്റം നൽകിയ തീയതി പ്രാബല്യത്തിൽ തന്നെ സീനിയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കണം എന്ന് ഉത്തരവായിരിക്കുന്നു.

ടി ഉത്തരവിൻറെ അടിസ്ഥാനത്തിൽ, മേൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട, അർഹരായ ജീവനക്കാർ ബന്ധപ്പെട്ട രേഖകൾ (**2020, 2021** വർഷങ്ങളിലെ ജനുവരി മാസത്തിൽ വകുപ്പുതല പരീക്ഷക്കായി അപേക്ഷിച്ചതിൻറെ രേഖകൾ, തൊട്ടടുത്ത വകുപ്പ് തല പരീക്ഷ പാസായതിൻറെ സർട്ടിഫിക്കറ്റ്, സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ) സഹിതം സർക്കുലർ പ്രസിദ്ധീകരിച്ച് രണ്ടാഴ്ചയ്ക്കകം ഈ കാര്യാലയത്തിൽ ലഭിക്കത്തക്കവിധം അപേക്ഷിക്കേണ്ടതാണ്.

**SHALIJ P R**
**DIRECTOR**

സ്വീകർത്താവ്-

ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും
(www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
സൂപ്രണ്ട്, ഇഎ/ ഇഡി സെക്ഷൻ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 07-05-2025 07:23:05